"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-കോവിഡ് - 19 പശ്ചാത്തലത്തിൽ നിലവിലുള്ള എസ്.സി പ്രൊമോട്ടർമാരുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

**പട്ടികജാതി പട്ടികവർഗ്ഗ വികസന(സി) വകുപ്പ്**

**സ.ഉ.(സാധാ) നം.421/2020/പ.ജ.പ.വ.വി.വ** തീയതി,തിരുവനന്തപുരം, 18/05/2020

പരാമർശം:- 1 സ.ഉ.(സാധാ) നം.387/2020/പ.ജ.പ.വ.വി.വ തീയതി 23/03/2020

2 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 8/5/2020 ലെ ഡെവ എ2/12685/2018 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം(1) പ്രകാരം നിലവിൽ സേവനത്തിലുള്ള എസ്.സി പ്രമോട്ടർമാരുടെ സേവന കാലാവധി 31.03.2020 വരെ ദീർഘിപ്പിച്ചിരുന്നു.എന്നാൽ സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നതിനാലും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികൾ താമസംവിനാ ആരംഭിക്കേണ്ടതിനാലും പുതിയ നിയമനം ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാലും നിലവിലെ എസ് സി പ്രൊമോട്ടർമാരുടെ സേവന കാലാവധി 31/3/2021 വരെ ദീർഘിപ്പിച്ചു നല്കണമെന്ന് പട്ടിക ജാതി വികസന ഡയറക്ടർ പരാമർശം (2 ) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യങ്ങൾ കണക്കിലെടുത്തു നിലവിലുള്ള എസ് .സി പ്രൊമോട്ടർമാരുടെ സേവനം ഇനിയൊരുത്തരവുണ്ടാകുന്നത് വരെ തുടരുവാൻ അനുവദിച്ചും ,കൂടാതെ നിലവിൽ എസ്.സി പ്രമോട്ടർമാരുടെ ഒഴിവുള്ള സ്ഥലങ്ങളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഉഷ ടി നായര്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ സെക്ടർ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ്& ന്യൂ മീഡിയ), ഐ & പി.ആർ. ഡി.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ